പതിനാലാം കേരള നിയമസഭ

ബിൽ നമ്പർ 27

# 2016-ലെ കേരള ഹോസ്പിറ്റൽ ഡെവലപ്പ്മെന്റ് സൊസൈറ്റി ജീവനക്കാരുടെ വേതനവും ആനുകൂല്യങ്ങളും സേവന വ്യവസ്ഥയും നിശ്ചയിക്കൽ ബിൽ

(ശ്രീ. ബി. സത്യൻ, എം. എൽ. എ. നോട്ടീസ് നൽകിയത്)

938/2016.

# 2016-ലെ കേരള ഹോസ്പിറ്റൽ ഡെവലപ്പ്മെന്റ് സൊസൈറ്റി ജീവനക്കാരുടെ വേതനവും ആനുകൂല്യങ്ങളും സേവന വ്യവസ്ഥയും നിശ്ചയിക്കൽ ബിൽ

(ശ്രീ. ബി. സത്യൻ, എം. എൽ. എ. നോട്ടീസ് നൽകിയത്)

സംസ്ഥാനത്തെ ഹോസ്പിറ്റൽ ഡെവലപ്പ്മെന്റ് സൊസൈറ്റികളുടെ കീഴിൽ ജോലി ചെയ്യുന്ന ജീവനക്കാർക്ക് വേതനം നാമമാത്ര മായതിനാൽ അവർക്ക് ന്യായ വേതനം ഉറപ്പുവരുത്തുന്നതിനും, പി.എഫ്. ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിനും, സേവന വ്യവസ്ഥകൾ നിശ്ചയിക്കുന്നതിനും വ്യവസ്ഥ ചെയ്യുന്ന

ഒരു

ബിൽ

പീഠിക.—സംസ്ഥാനത്തെ ഗവൺമെന്റ് ആശുപത്രികളിൽ പ്രവർത്തിക്കുന്ന ഹോസ്പിറ്റൽ ഡെവലപ്പ്മെന്റ് സൊസൈറ്റികളുടെ കീഴിൽ ജോലി ചെയ്യുന്ന ജീവനക്കാർക്ക് വേതനം നാമമാത്രമായതിനാൽ അവർക്ക് ന്യായ വേതനം ഉറപ്പുവരുത്തുന്നതിനും പി.എഫ്. ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിനും സേവന വ്യവസ്ഥ നിശ്ചയിക്കേണ്ടതും അനിവാര്യമായി തീർന്നിരിക്കുന്നതിനാൽ;

ഭാരത റിപ്പബ്ലിക്കിന്റെ അറുപത്തിയേഴാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും വ്യാപ്തിയും.—(എ) ഈ ആക്റ്റിന് '2016-ലെ കേരള ഹോസ്പിറ്റൽ ഡെവലപ്പ്മെന്റ് സൊസൈറ്റി ജീവനക്കാരുടെ വേതനവും ആനുകൂല്യങ്ങളും സേവന വ്യവസ്ഥയും നിശ്ചയിക്കൽ ആക്റ്റ്' എന്ന് പേര് പറയാം.

(ബി) ഇതിന് കേരള സംസ്ഥാനം മുഴുവൻ വ്യാപ്തി ഉണ്ടായിരിക്കും.

(സി) ഇത് ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

938/2016.

2. നിർവ്വചനങ്ങൾ.—ഈ ആക്റ്റിൽ സന്ദർഭം മറ്റുവിധത്തിൽ ആവശ്യപ്പെടാത്തപക്ഷം,—

(എ) "ആക്റ്റ്" എന്നാൽ 2016-ലെ. കേരള ഹോസ്പിറ്റൽ ഡെവലപ്പ്മെന്റ് സൊസൈറ്റി ജീവനക്കാരുടെ വേതനവും ആനുകൂല്യങ്ങളും സേവന വ്യവസ്ഥയും നിശ്ചയിക്കൽ ആക്റ്റ് എന്ന് പേര് പറയാം.

(ബി) "വിജ്ഞാപനം" എന്നാൽ സംസ്ഥാന സർക്കാർ ഗസറ്റിലൂടെ പുറപ്പെടുവിക്കുന്ന വിജ്ഞാപനം എന്നർത്ഥമാകുന്നു;

(സി) "വേതന സേവന നിർണ്ണയ സമിതി" എന്നാൽ സർക്കാർ നിശ്ചയിക്കുന്ന താഴെപ്പറയുന്ന അഞ്ച് അംഗങ്ങൾ അടങ്ങുന്ന സമിതി എന്നാകുന്നു:

(1) ആരോഗ്യവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി

(2) ആരോഗ്യവകുപ്പ് ഡയറക്ടർ

(3) മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ

(4) തൊഴിൽ വകുപ്പ് സെക്രട്ടറി

(5) തൊഴിൽ വകുപ്പ് കമ്മീഷണർ

(ഡി) "സർക്കാർ" എന്നാൽ കേരള സർക്കാർ എന്ന് അർത്ഥമാകുന്നു;

(ഇ) "സംസ്ഥാനം" എന്നാൽ കേരള സംസ്ഥാനം എന്ന് അർത്ഥമാകുന്നു;

(എഫ്) "ഹോസ്പിറ്റൽ ഡെവലപ്പ്മെന്റ് സൊസൈറ്റി" എന്നാൽ 1983-ലെ കേരള സർക്കാരിന്റെ G.O. (Ms.) 26/83/HD, dated 29-1-1983-ാം നമ്പർ ഉത്തരവ് പ്രകാരം നിലവിൽ വന്ന സൊസൈറ്റി ആകുന്നു.

3. ഹോസ്പിറ്റൽ ഡെവലപ്പ്മെന്റ് സൊസൈറ്റിയുടെ കീഴിലുള്ള ജീവനക്കാരുടെ വേതനവും ആനുകൂല്യങ്ങളും സേവന വ്യവസ്ഥയും നിശ്ചയിക്കൽ.—(എ) ഈ ആക്റ്റിന്റെ വകുപ്പ് 2(സി)-ൽ പറഞ്ഞിട്ടുള്ള വേതന സേവന നിർണ്ണയ സമിതി യോഗം ചേർന്ന് ഹോസ്പിറ്റൽ ഡെവലപ്പ്മെന്റ് സൊസൈറ്റിയുടെ കീഴിലുള്ള ജീവനക്കാരുടെ വേതനവും ആനുകൂല്യങ്ങളും സേവന വ്യവസ്ഥയും നിർണ്ണയിച്ച് ഔദ്യോഗിക വിജ്ഞാപനത്തിലൂടെ പ്രഖ്യാപിക്കേണ്ടതാണ്;

(ബി) ഈ വിധം നിർണ്ണയിച്ചിട്ടുള്ള വേതനം അഞ്ച് വർഷം കൂടുമ്പോൾ പുതുക്കി നിശ്ചയിക്കേണ്ടതാണ്. ഇതിന് മേൽ സൂചിപ്പിച്ച നിർണ്ണയ സമിതിക്ക് അധികാരമുണ്ടായിരിക്കുന്നതാണ്.

4. വേതനവിതരണം.—പ്രതിമാസവേതനം ഓരോ ജീവനക്കാരന്റെയും ബാങ്ക് അക്കൗണ്ടിൽ അടുത്ത മാസം 5-ാം തീയതിക്കുമുമ്പായി നിക്ഷേപിക്കേണ്ടതാണ്.

5. ജീവനക്കാരെ തരംതിരിക്കൽ.—വേതനം നിർണ്ണയിക്കുമ്പോൾ ജീവനക്കാരുടെ തസ്തികയും സീനിയോറിറ്റിയും പരിഗണിക്കേണ്ടതാണ്. ജീവനക്കാരുടെ സീനിയോറിറ്റി മാനദണ്ഡമാക്കി ഓരോ 5 വർഷത്തിനും ഗ്രേഡിന് സമാനമായ രീതിയിൽ ശമ്പളം നിശ്ചയിക്കേണ്ടതാണ്.

6. ചട്ടങ്ങൾ പുറപ്പെടുവിക്കാനുള്ള അധികാരം.—(1) ഈ നിയമം നടപ്പാക്കുന്നതിനാവശ്യമായ ചട്ടങ്ങൾ, ആക്റ്റിലെ വ്യവസ്ഥകൾക്ക് ഭംഗം വരാത്തവിധം പുറപ്പെടുവിക്കുവാൻ സംസ്ഥാന ഗവൺമെന്റിന് അധികാരം ഉണ്ടായിരിക്കുന്നതാണ്.

(2) ഈ ബിൽ പ്രകാരം ഉണ്ടാക്കിയ ഏതൊരു ചട്ടവും അത് ഉണ്ടാക്കിയ ശേഷം കഴിയുന്നത്രവേഗം നിയമസഭാ സമ്മേളനത്തിലായിരിക്കുമ്പോൾ അതിന്റെ മുമ്പാകെ ആകെ 14 ദിവസത്തേക്ക്—അത് ഒരു സമ്മേളനത്തിലോ, തുടർച്ചയായ രണ്ട് സമ്മേളനങ്ങളിലോ പെടാം—വയ്ക്കേണ്ടതും യഥാവിധി അപ്രകാരം അത് വയ്ക്കുന്ന സമ്മേളനമോ അതിന് തൊട്ടടുത്തുവരുന്ന സമ്മേളനമോ അവസാനിക്കുന്നതിനുമുൻപ് നിയമസഭ പ്രസ്തുത ചട്ടത്തിൽ എന്തെങ്കിലും ഭേദഗതി വരുത്തുകയോ ചെയ്യുന്നപക്ഷം ആ ചട്ടത്തിന് അതത് സംഗതിപോലെ അങ്ങനെ ഭേദഗതി ചെയ്ത രൂപത്തിൽമാത്രം പ്രാബല്യമുണ്ടായിരിക്കുന്നതോ അഥവാ യാതൊരു പ്രാബല്യവും ഇല്ലാതിരിക്കുന്നതോ ആകുന്നു. എന്നിരുന്നാലും, ആ ചട്ടപ്രകാരം മുമ്പ് ചെയ്തതായ യാതൊന്നിന്റെയും സാധുതയ്ക്ക് ഭംഗംവരുത്താത്ത വിധത്തിലായിരിക്കേണ്ടതുമാണ്.

## ഉദ്ദേശ്യകാരണങ്ങളുടെ വിവരണം

നമ്മുടെ സംസ്ഥാനത്തെ ആരോഗ്യമേഖലയിൽ ഹോസ്പിറ്റൽ ഡെവലപ്പ്മെന്റ് സൊസൈറ്റിയും അതിന്റെ പ്രവർത്തനങ്ങളും അവഗണിക്കാൻ കഴിയാത്ത ഒന്നാണ്. ദിനംപ്രതി നിരവധി രോഗികൾ ആശുപത്രികളിൽ എത്തുന്നു. ഇവർക്ക് മെച്ചപ്പെട്ട സേവനവും, പരിചരണവും നൽകുവാൻ ഹോസ്പിറ്റൽ ഡെവലപ്പ്മെന്റ് സൊസൈറ്റി ജീവനക്കാർക്ക് കഴിയുന്നു. അഭ്യസ്തവിദ്യരും പരിചയസമ്പന്നരുമായ ജീവനക്കാരാണ് ഇവിടെ ജോലി ചെയ്യുന്നത്. എന്നാൽ തുച്ഛമായ വേതനമാണ് ഇവർക്ക് ലഭ്യമാക്കുന്നത്. ഇവർക്ക് ന്യായ വേതനം ലഭിക്കുന്നില്ലായെന്നതും തൊഴിൽ സംരക്ഷണം ലഭിക്കാതെ ഇവർ അനുഭവിക്കുന്ന അരക്ഷിതാവസ്ഥയും കണ്ടില്ലെന്നു നടിക്കാനാവില്ല. ആയതിനാലാണ് ഒരു നിയമനിർമ്മാണം അത്യാവശ്യമായി വന്നത്. ഇത് ഉദ്ദേശിച്ച് കൊണ്ടുള്ളതാണ് ഈ ബിൽ.

## ധനകാര്യമെമ്മോറാണ്ടം

ഈ നിയമം നടപ്പാക്കുന്നതിന് പ്രത്യേകമായി ജീവനക്കാരെ നിയമിക്കേണ്ടി വരുന്നില്ല. സംസ്ഥാനത്തെ സഞ്ചിതനിധിയിൽ നിന്ന് ഇത് നടപ്പാക്കുന്നതിന് ഏതെങ്കിലും വിധത്തിൽ അധികചെലവ് വരുന്നില്ല..

## ഏൽപ്പിച്ചുകൊടുത്ത നിയമനിർമ്മാണാധികാരം സംബന്ധിച്ച മെമ്മോറാണ്ടം

ബില്ലിന്റെ 2-ാം വകുപ്പ്, 3-ാം വകുപ്പ് എന്നിവ പ്രകാരം സർക്കാരിന് ഗസറ്റ് വിജ്ഞാപനംമൂലം ഈ ആക്റ്റിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിനുവേണ്ടി ആവശ്യമായ ചട്ടങ്ങൾ ഉണ്ടാക്കാൻ അധികാരമുണ്ടായിരിക്കും. ഇപ്രകാരമുണ്ടാക്കുന്ന ചട്ടങ്ങൾ സാധാരണവും ഭരണപരവുമായ സ്വഭാവത്തോടു കൂടിയതുമാണ്. ഏൽപ്പിച്ചുകൊടുത്ത നിയമനിർമ്മാണാധികാരം അതിനാൽ സാധാരണ സ്വഭാവത്തോടുകൂടിയതാണ്.

ബി. സത്യൻ, എം. എൽ. എ.